പതിനാറാം കേരളനിയമസഭ

ഹർജികൾ സംബന്ധിച്ച സമിതി
(2026-29)

രണ്ടാമത് റിപ്പോർട്ട്

സമിതി (2014-16)-യുടെ ആറാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻടേക്കൺ റിപ്പോർട്ട്

(2026ഒക്ടോബർ മാസം 28-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരളനിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

പതിനാറാം കേരളനിയമസഭ

ഹർജികൾ സംബന്ധിച്ച സമിതി (2026-29)

രണ്ടാമത് റിപ്പോർട്ട്

സമിതി (2014-16)-യുടെ ആറാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻടേക്കൺ റിപ്പോർട്ട്

(2026ഒക്ടോബർ മാസം 28-ാം തീയതി സഭയിൽ സമർപ്പിച്ചത്)

<u>ഉള്ളടക്കം</u>

		പേജ്
സമിതിയുടെ ഘടന	....	V
ആമുഖം	....	vii
റിപ്പോർട്ട് .	...	1-17

<u>സമിതിയുടെ ഘടന</u>

<u>(2026-29)</u>

<u>ചെയർപേഴ്സൺ</u> :

ശ്രീമതി.കെ. കെ. രമ, എം.എൽ.എ

<u>അംഗങ്ങൾ</u> :

ശ്രീ. ജി. ആർ. അനിൽ, എം.എൽ.എ

ശ്രീ. എം. ആർ. ബൈജു, എം.എൽ.എ

ശ്രീ. പി. കെ. ഫിറോസ്, എം.എൽ.എ

ശ്രീ. കെ. യു. ജനീഷ് കുമാർ, എം.എൽ.എ

ശ്രീ. മുഹമ്മദ് ഷിയാസ്, എം.എൽ.എ

ശ്രീ. റോയ് കെ. പൗലോസ്, എം.എൽ.എ

ശ്രീ. കെ. വി. സുമേഷ്, എം.എൽ.എ

ശ്രീ. വിന്ദ ജോബ് കുഴിമണ്ണിൽ, എം.എൽ.എ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീ. സന്തോഷ്കുമാർ. ആർ. എസ്. ജോയിന്റ് സെക്രട്ടറി

ശ്രീ. വിജേഷ്. റ്റി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി അമ്പിളി വി, അണ്ടർ സെക്രട്ടറി

ശ്രീ. എ. സജികുമാർ, അണ്ടർ സെക്രട്ടറി

ആമുഖം

ഹർജികൾ സംബന്ധിച്ച സമിതി(2026-29)-യുടെ ചെയർപേഴ്സണായ ഞാൻ, സമിതിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരളനിയമസഭ പാസാക്കിയ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായും നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായി തയ്യാറാക്കുന്ന ഡേറ്റാ ബാങ്കുമായി ബന്ധപ്പെട്ട് സമിതിക്ക് ലഭിച്ച ഹർജികളെ അടിസ്ഥാനപ്പെടുത്തിയും, ബന്ധപ്പെട്ട വകുപ്പുകളുമായി നടത്തിയ തെളിവെടുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ടുകൾ സമിതി നിർദ്ദേശങ്ങൾ, ശിപാർശകൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു റിപ്പോർട്ട് തയ്യാറാക്കി ഹർജികൾ സംബന്ധിച്ച സമിതി (2014-16)-യുടെ ആറാമത് റിപ്പോർട്ടായി 2014 ജൂലൈ 17-ാം തീയതി സമർപ്പിച്ചിരുന്നു . പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങിയതാണ് ഈ റിപ്പോർട്ട്.

ഈ റിപ്പോർട്ട് 2026 ഒക്ടോബർ മാസം 26-ാം തീയതി കൂടിയ യോഗത്തിൽ സമിതി അംഗീകരിച്ചു.

കെ. കെ. രമ,
ചെയർപേഴ്സൺ,
ഹർജികൾ സംബന്ധിച്ച സമിതി.

തിരുവനന്തപുരം,
26-10-2026

റിപ്പോർട്ട്

കേരളത്തിന്റെ ഭൂപ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിന് നെൽവയലുകളും നീർത്തടങ്ങളും അനിവാര്യമാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ നിയമനിർമ്മാണത്തിലൂടെ നീർത്തടങ്ങളേയും നെൽവയലുകളേയും സംരക്ഷിക്കുന്നതിനുവേണ്ടിയും അവ അനിയന്ത്രിതമായി രൂപാന്തരപ്പെടുകയോ നിലവിലെ സ്ഥിതിയിൽ നിന്നും പരിവർത്തനപ്പെടുത്തുകയോ ചെയ്യുന്നത് നിയന്ത്രിക്കുന്നതിനു വേണ്ടിയും കേരളനിയമസഭ പാസാക്കിയ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായും നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായി തയ്യാറാക്കുന്ന ഡേറ്റാ ബാങ്കുമായി ബന്ധപ്പെട്ട് സമിതിക്ക് ലഭിച്ച ഹർജികളെ അടിസ്ഥാനപ്പെടുത്തിയും , ബന്ധപ്പെട്ട വകുപ്പുകളുമായി നടത്തിയ തെളിവെടുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ടുകൾ സമിതി നിർദ്ദേശങ്ങൾ, ശിപാർശങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു റിപ്പോർട്ട് തയ്യാറാക്കി ഹർജികൾ സംബന്ധിച്ച സമിതി (2014-16) യുടെ ആറാമത് റിപ്പോർട്ടായി 2014 ജൂലൈ 17-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളും ,ശിപാർശകളിന്മേൽ റവന്യൂ , തദ്ദേശസ്വയംഭരണം, കൃഷി എന്നീ വകുപ്പുകൾ സ്വീകരിച്ച നടപടി റിപ്പോർട്ടുകളും ഉൾപ്പെടുത്തി തയ്യാറാക്കിയതാണ് ഈ ആക്ഷൻ ടേക്കൺ റിപ്പോർട്ട്. ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാമത്തെ ഭാഗത്തിൽ സമിതിയുടെ ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്ന് ലഭിച്ചതും ,സമിതി ആരാഞ്ഞ അധിക വിവരവും അതിന്മേൽ സർക്കാരിൽനിന്നും ലഭിച്ച അധിക വിവര റിപ്പോർട്ടും സമിതി

അംഗീകരിച്ചതുമായ നടപടി റിപ്പോർട്ടുകളും രണ്ടാമത്തെ ഭാഗത്തിൽ സമിതി ശിപാർശകളിന്മേൽ ആരാഞ്ഞ അധിക വിവരത്തിന്മേൽ മറുപടി ലഭിക്കാത്തവയും ഉൾപ്പെടുത്തിയിരിക്കുന്നു.

ഭാഗം-I

ഖണ്ഡിക-12

ശിപാർശ

കരട് ഡാറ്റാ ബാങ്ക് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് മുൻപ് ആയതിന്മേൽ പൊതുജനങ്ങൾക്ക് ആക്ഷേപം സമർപ്പിക്കുന്നതിനും വിചാരണ നടത്തി ന്യൂനതകൾ പരിഹരിക്കുന്നതിനുമുള്ള അടിയന്തര സാഹചര്യമുണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഇതു സംബന്ധിച്ച് കൂടുതൽ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്നതുവരെ കരട് ഡാറ്റാ ബാങ്ക് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നത് പുനഃപരിശോധിക്കണമെന്ന് സമിതി സർക്കാരിനോട് ശക്തമായി ശിപാർശ ചെയ്യുന്നു.

റവന്യൂ (പി) വകുപ്പ്

(06.02.2021 ലെ REV-P1 /415/2018- REV നമ്പർ കത്ത് മുഖേന ലഭിച്ചത്)

2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടം 4 (ഡി) പ്രകാരം, ഡാറ്റാബാങ്കിലെ ഉള്ളടക്കങ്ങൾ മൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും അത് സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ , ടി ചട്ടങ്ങൾക്ക് അനുബന്ധമായുള്ള ഫാറം -5 ലുള്ള അപേക്ഷാ ഫാറത്തിൽ ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ആഫീസർ മുൻപാകെ സമർപ്പിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

18.11.2021-ലെ സമിതി യോഗം അംഗീകരിച്ചു.

സ്വീകരിച്ച നടപടി

തദ്ദേശസ്വയംഭരണ(ആർ.ഡി) വകുപ്പ്

(03.09.2024 ലെ ആർ.ഡി3/325/2018/തസ്വഭവ നമ്പർ കത്ത് മുഖേന ലഭിച്ചത്)

2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 30.12.2017 ൽ സമഗ്രമായി ഭേദഗതി ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ 2008-ലെ കേരള നെൽ വയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ ഭേദഗതി ചെയ്തുകൊണ്ട് 15.12.2008-ൽ ഭേദഗതി ചട്ടങ്ങൾ സർക്കാർ പുറപ്പെടുവിക്കുകയുമുണ്ടായി . പ്രസ്തുത ചട്ടങ്ങളിൽ ഡാറ്റാബാങ്ക് തയ്യാറാക്കൽ സംബന്ധിച്ച നടപടിക്രമങ്ങൾ വ്യവസ്ഥപ്പെടുത്തുകയും ആയതുപ്രകാരം സമിതിക്ക് അധികാരിതയുള്ള പ്രദേശത്തെ, നിലവിലുള്ള റവന്യു റിക്കാർഡുകൾ പ്രകാരം കൃഷിയോഗ്യമായ നെൽവയലായി രേഖപ്പെടുത്തിയിട്ടുള്ള ഭൂമിയുടെ വിശദാംശങ്ങൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസർ ബന്ധപ്പെട്ട കൃഷി ഓഫീസർക്ക് നല്കേണ്ടതും ഇതിന്റെ അടിസ്ഥാനത്തിൽ കൃഷി ഓഫീസർ, ഓരോ സ്ഥലവും പരിശോധിച്ച് പ്രസ്തുത സ്ഥലം ഇപ്പോൾ നെൽകൃഷിക്ക് അനുയോജ്യമായ നെൽവയൽ ആണോ എന്ന് പരിശോധിച്ചും തണ്ണീർത്തടങ്ങളെ സംബന്ധിച്ച റവന്യു റിക്കാർഡുകളുടെ അടിസ്ഥാനത്തിൽ വില്ലേജ് ഓഫീസർ സ്ഥല പരിശോധന നടത്തിയും ബോധ്യപ്പെടേണ്ടതും അപ്രകാരം പരിശോധന നടത്തി ബോധ്യപ്പെട്ട വിവരങ്ങളുടെ അടിസ്ഥാനത്തിൽ കൃഷി ഓഫീസറും വില്ലേജ് ഓഫീസറും കൂടി നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും ഒരു കരട് ഡാറ്റാ ബാങ്ക് തയ്യാറാക്കി സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതുമാണ്. മേൽ പറഞ്ഞ പ്രകാരം ലഭിച്ച കരട് ഡാറ്റാബാങ്ക് സമിതി പരിഗണിക്കേണ്ടതും ആവശ്യമെങ്കിൽ യുക്തമായ തിരുത്തലുകൾ വരുത്തേണ്ടതുമാണ് . സമിതിയുടെ അധികാര പരിധിക്കുള്ളിലെ നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും പ്രസ്തുത കരട് ഡാറ്റാബാങ്ക്, നാഷണൽ റിമോട്ട് സെൻസിംഗ് ഏജൻസിയോ, സംസ്ഥാന ഭൂവിനിയോഗ ബോർഡോ, ഭൗമശാസ്ത്ര പഠന കേന്ദ്രമോ (CESS), ഇൻഫർമേഷൻ കേരള മിഷനോ (IKM), മറ്റ് ഏതെങ്കിലും കേന്ദ്ര/സംസ്ഥാന ശാസ്ത്രസാങ്കേതിക സ്ഥാപനമോ, ഉപഗ്രഹചിത്രങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള ഭൂപടത്തിന്റെ സഹായത്തോടെ പരിശോധിച്ച്

അന്തിമ രൂപം നൽകി സമിതി അംഗീകരിക്കുന്നു.

അപ്രകാരം അംഗീകരിച്ച നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും സർവ്വേ നമ്പരുകളും വിസ്തൃതിയുമടങ്ങിയ ഫാറം 4-ലെ ഡാറ്റാബാങ്ക് സമിതി ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറിക്ക് അയച്ചുകൊടുക്കേണ്ടതും , സെക്രട്ടറി അതൊരു വിജ്ഞാപനമായി ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്നു. അപ്രകാരം ഗസറ്റിൽ പ്രസിദ്ധീകരിച്ച ഡാറ്റാ ബാങ്കിന്റെ പകർപ്പ് ബന്ധപ്പെട്ട പഞ്ചായത്ത് / മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറി തങ്ങളുടെ ഓഫീസ് നോട്ടീസ് ബോർഡിലും വില്ലേജ് ഓഫീസിലും കൃഷി ഓഫീസിലും വെബ്സൈറ്റിലും പ്രദർശിപ്പിക്കേണ്ടതാണ്.

മേൽ പറഞ്ഞ പ്രകാരം വിജ്ഞാപനം ചെയ്ത ഡാറ്റാ ബാങ്കിലെ ഉള്ളടക്കങ്ങൾ മൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും അത് സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ ഫാറം 5-ലുള്ള അപേക്ഷഫാറത്തിൽ റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെ സമർപ്പിക്കാൻ അവസരം നൽകിയിരുന്നു. അപ്രകാരം ലഭിക്കുന്ന അപേക്ഷകൾ നെൽവയലുകളെ സംബന്ധിച്ചുള്ളതാണെങ്കിൽ ബന്ധപ്പെട്ട കൃഷി ഓഫീസർക്കും തണ്ണീർത്തടങ്ങളെ സംബന്ധിച്ചുള്ളതാണെങ്കിൽ ബന്ധപ്പെട്ട വില്ലേജ് ഓഫീസർക്കും റിപ്പോർട്ടിനായി നൽകുകയും കൃഷി ഓഫീസർ അല്ലെങ്കിൽ വില്ലേജ് ഓഫീസർ ഒരു മാസത്തിനകം അതിന്മേലുള്ള റിപ്പോർട്ട് റവന്യൂ ഡിവിഷണൽ ഓഫീസർക്ക് സമർപ്പിക്കേണ്ടതുമാണ് . റിപ്പോർട്ട് ലഭിച്ചതിനു ശേഷം റവന്യൂ ഡിവിഷണൽ ഓഫീസർ, ഉചിതമാണെന്ന് കാണുന്ന പക്ഷം, നേരിട്ട് പരിശോധന നടത്തിയോ കേന്ദ്രസംസ്ഥാന ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾ തയ്യാറാക്കിയ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടുകൂടിയോ ഡാറ്റാബാങ്കിലെ ഉള്ളടക്കങ്ങൾ പരിശോധിച്ച് അപേക്ഷയിന്മേൽ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നതിന് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിരുന്നു.

ചട്ടങ്ങളിലെ 4-ാം ചട്ടം 4-ാം ഉപചട്ടപ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട

ഡാറ്റാബാങ്കിൽ തെറ്റായി ഉൾപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ കാരണം സങ്കടമനുഭവിക്കുന്ന ഏതൊരാളിനും 2017-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ(ഭേദഗതി) ചട്ടങ്ങൾ നിലവിൽ വരുന്ന തീയതി മുതൽ 90 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട പ്രാദേശികതല നിരീക്ഷണ സമിതി കൺവീനർ മുമ്പാകെ ഒരു പുനഃപരിശോധനാ അപേക്ഷ ഫയൽ ചെയ്യുന്നതിനും അവസരം നൽകിയിരുന്നു.

(13.05.2025 ലെ സമിതി യോഗം അംഗീകരിച്ചു.)

<u>സ്വീകരിച്ച നടപടി</u>

<u>കൃഷി(എൻ.സി.എ) വകുപ്പ്</u>

(06.07.2024 ലെ NCA2/206/2023-AGRI നമ്പർകത്ത് മുഖേന ലഭ്യമായത്)

2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടം 4 (ഡി) പ്രകാരം, ഡാറ്റാബാങ്കിലെ ഉള്ളടക്കങ്ങൾ മൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും അത് സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ , ടി ചട്ടങ്ങൾക്ക് അനുബന്ധമായുള്ള ഫാറം -5 ലുള്ള അപേക്ഷാ ഫാറത്തിൽ ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ആഫീസർ മുൻപാകെ സമർപ്പിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

(13.05.2025-ലെ സമിതി യോഗം അംഗീകരിച്ചു.)

<u>ഖണ്ഡിക – 13</u>

<u>ശിപാർശ</u>

കൃഷി ഓഫീസറും വില്ലേജ് ഓഫീസറും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരും നേരിട്ടും കൃത്യമായും സ്ഥലം പരിശോധന നടത്തി ഡാറ്റാ ബാങ്ക് തയ്യാറാക്കണമെന്നുള്ള നിർദ്ദേശം സർക്കാർ തലത്തിൽ നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

<u>റവന്യൂ(പി) വകുപ്പ്</u>

(06.02.2021-ലെ REVP1/415/2018-REV നമ്പർ കത്ത് മുഖേന ലഭ്യമായത്)

ഡാറ്റാബാങ്ക് തയ്യാറാക്കുന്നതിന് പ്രാദേശികതല നിരീക്ഷണസമിതി സ്ഥല പരിശോധന നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ, 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിലെ ചട്ടം 4(1), 4(2), 4(3) എന്നിവയിൽ പ്രതിപാദിച്ചിട്ടുണ്ട്.

(18.11.2021-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>സ്വീകരിച്ച നടപടി</u>

<u>കൃഷി(എൻസിഎ)വകുപ്പ്</u>

(06.07.2024-ലെ NCA.2/206/2023-AGRI നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട്.)

ഡാറ്റാബാങ്ക് തയ്യാറാക്കുന്നതിന് പ്രാദേശികതല നിരീക്ഷണസമിതി സ്ഥല പരിശോധന നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ, 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിലെ ചട്ടം 4(1), 4(2), 4(3) എന്നിവയിൽ പ്രതിപാദിച്ചിട്ടുണ്ട്.

(13.05.2025-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>സ്വീകരിച്ച നടപടി</u>

<u>തദ്ദേശ സ്വയംഭരണ(ആർഡി) വകുപ്പ്</u>

(03.09.2024-ലെ ത.സ്വ.ഭ.വ- ആർഡി3/325/2018-തസ്വഭവ നമ്പർ കത്ത് മുഖേന ലഭ്യമായത്.)

കേരള നെൽവയൽ തണ്ണീർത്തട ചട്ടങ്ങൾ 15.08.2018-ൽ ഭേദഗതി ചെയ്തതിൽ ചട്ടങ്ങളിലെ 4-ാം ചട്ട പ്രകാരം വിശദസ്ഥലപരിശോധന നടത്തുന്നതിന് നിഷ്കർഷിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ അപ്രകാരമുള്ള പരിശോധന നടത്തിയ ശേഷം മാത്രമേ ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളാനാവൂ എന്നറിയിക്കുന്നു.

(13.05.2025-ലെ സമിതിയോഗം അംഗീകരിച്ചു)

ഖണ്ഡിക – 14

ശിപാർശ

ഡാറ്റാ ബാങ്ക് രൂപീകരിക്കുന്ന പ്രവർത്തനങ്ങളിൽ ചട്ടപ്രകാരം ചുമതലപ്പെടുത്തിയിട്ടുള്ള കൃഷി, റവന്യൂ, തദ്ദേശസ്വയംഭരണ വകുപ്പുകളുടെ ഏകോപനമില്ലായ്മ സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഈ മൂന്നു വകുപ്പദ്ധ്യക്ഷന്മാരുടെയും ചുമതലയിലുള്ള ഏകോപന സംവിധാനം രൂപീകരിച്ച് ഡാറ്റാബാങ്കിന്റെ കുറ്റമറ്റ രീതിയിലുള്ള രൂപീകരണം എത്രയും വേഗം പൂർത്തീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

റവ്യന്യൂ(പി)വകുപ്പ്

(06.02.2021-ലെ REV-P1/415/2018-REV നമ്പർ കത്ത് മുഖേന ലഭ്യമായത്)

ഡാറ്റാബാങ്ക് തയ്യാറാക്കുന്ന ചുമതല 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ വകുപ്പ് 5, ഉപവകുപ്പ് (4)(i) പ്രകാരം പ്രാദേശികതല നിരീക്ഷണ സമിതിയ്ക്കാണ്. ആയതിന്റെ കൺവീനർ ബന്ധപ്പെട്ട അഗ്രികൾച്ചർ ആഫീസർ ആണ്. ടി സമിതിയുടെ എല്ലാ പ്രവർത്തനവും സംബന്ധിച്ച ഏകോപന ചുമതല അഗ്രികൾച്ചർ ആഫീസറിൽ നിക്ഷിപ്തമാണ്.

(18.11.2021-ലെ സമിതിയോഗം അംഗീകരിച്ചു.)

സ്വീകരിച്ച നടപടി

കൃഷി(എൻ.സി.എ.)വകുപ്പ്

(06.07.2024-ലെ NCA2/206/2023-AGRI നമ്പർ കത്ത് മുഖേന ലഭ്യമായത്)

14.06.2016-ൽ ബഹു . കൃഷി വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ റവന്യൂ , തദ്ദേശസ്വയംഭരണം, കൃഷി എന്നീ വകുപ്പുകളും മറ്റ് ഇതര വകുപ്പുകളുടെ (IT, KSREC, CESS etc) സംയുക്ത യോഗം നടത്തി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് ആകെ 1076

കൃഷി ഭവനുകൾ ആണ് ഉള്ളത്. അതിൽ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രകാരം നെൽവയലുകൾ ഉള്ള 1057 കൃഷി ഭവനുകളിൽ ഡാറ്റാ ബാങ്ക് തയ്യാറാക്കിയിട്ടുണ്ട്. ആയതിൽ 1055 എണ്ണം ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(13.05.2025-ലെ സമിതിയോഗം അംഗീകരിച്ചു)

സ്വീകരിച്ച നടപടി

തദ്ദേശസ്വയംഭരണ(ആർ.ഡി)വകുപ്പ്

(17.01.2025-ലെ തസ്വഭവ-ആർ ഡി3/325/2018/തസ്വഭവ നമ്പർ കത്ത് മുഖേന ലഭ്യമായത്)

ബഹു. സമിതിയുടെ റിപ്പോർട്ട് കാലയളവിൽ നിന്നും വ്യത്യസ്തമായി നിലവിൽ ഭൂരിഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഡാറ്റാബാങ്ക് തയ്യാറായിക്കഴിഞ്ഞു. ആദ്യകാലത്ത് ഏകോപനക്കുറവ്, പരിശീലനം ഇല്ലാത്ത അവസ്ഥ എന്നിവയുണ്ടായിരുന്നെങ്കിലും നിലവിൽ അപ്രകാരമുള്ള പ്രശ്നങ്ങൾ ഏറെക്കുറെ പരിഹരിക്കപ്പെട്ടിട്ടുണ്ട്. ഡാറ്റാബാങ്കിൽ നിന്ന് ഒഴിവാക്കുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത് കൃഷി വകുപ്പാണ്. അത്തരത്തിലുള്ള തെറ്റുതിരുത്തലാണ് ഇനി പ്രധാനമായും ബാക്കിയുള്ളതെന്ന വിവരം അറിയിക്കുന്നു.

(13.05.2025-ലെ സമിതിയോഗം അംഗീകരിച്ചു.)

ഖണ്ഡിക - 15

ശിപാർശ

ഡാറ്റാ ബാങ്കിന്റെ രൂപീകരണത്തിന് ഉപഗ്രഹ ഭൂപട സഹായം തേടണമെന്ന് ആക്റ്റിൽ വ്യവസ്ഥ ചെയ്യുന്നുവെങ്കിലും ഇപ്പോൾ പ്രസിദ്ധീകരിക്കാനുദ്ദേശിക്കുന്ന ഡാറ്റാ ബാങ്ക് തയ്യാറാക്കിയതിൽ ഉപഗ്രഹ ഭൂപടത്തിന്റെയോ ആധുനിക സാങ്കേതിക വിദ്യയുടെയോ സഹായം തേടിയിട്ടുണ്ടോ എന്ന് സമിതി സംശയിക്കുന്നു. ഗൂഗിൾ എർത്ത്

ഉൾപ്പെടെയുള്ള ഉപഗ്രഹ സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഭൂമിയുടെ തൽസ്ഥിതി രേഖ തയ്യാറാക്കുന്നതിനുള്ള സാധ്യത ഉപയോഗപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

റവന്യൂ (പി) വകുപ്പ്

(06.02.2021-ലെ REVP1/415/2018-REV നമ്പർ കത്ത് മുഖേന ലഭ്യമായത്)

2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 5 ഉപവകുപ്പ് 4(i)-ൽ, ഡാറ്റാബാങ്ക് തയ്യാറാക്കുന്നതിന് സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിനുള്ള വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുണ്ട്. നിലവിൽ, കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് & എൻവയോൺമെന്റ് സെന്റർ (KSREC)-ന്റെ സേവനം ഇതിനായി ഉപയോഗപ്പെടുത്തി വരുന്നുണ്ട്.

(18.11.2021-ലെ സമിതി യോഗം പരിഗണിക്കുകയും അധിക വിവരം ആരായുകയും ചെയ്തു)

സമിതി ആരാഞ്ഞ അധികവിവരം

ഭൂമി തരംതിരിച്ച് തണ്ണീർത്തടമാണോ നെൽവയലാണോ എന്ന് കണ്ടെത്തി ഡാറ്റാ ബാങ്കിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതിനുമുമ്പായി ആധുനിക ഡിജിറ്റൽ സാങ്കേതിക വിദ്യ ഉപയോഗിച്ച് ഭൂമിയുടെ സമഗ്ര പരിശോധന നടത്തിയിരിക്കണമെന്നും അതിനു ശേഷം മാത്രമേ ഡേറ്റാ ബാങ്ക് പ്രസിദ്ധീകരിക്കുന്നതിനുള്ള തുടർ നടപടികളുമായി മുന്നോട്ട് പോകുവാൻ പാടുള്ളൂ എന്നും സമിതി നിർദ്ദേശിക്കുകയും ആയതിലേയ്ക്കായി 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ അതിനനുസൃതമായ ഭേദഗതി വരുത്തണമെന്ന് സർക്കാരിനോട്

ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

അധികവിവരത്തിന്മേൽ സ്വീകരിച്ച നടപടി

റവന്യൂ (പി) വകുപ്പ്

(09.05.2025-ലെ REV-P1/415/2018-REV നമ്പർ കത്ത് മുഖേന ലഭ്യമായത്)

പ്രാദേശികതല നിരീക്ഷണ സമിതിക്ക് ആധികാരികതയുള്ള പ്രദേശത്തെ കൃഷിയോഗ്യമായ നെൽവയലിന്റെയും തണ്ണീർത്തടത്തിന്റെയും വിശദവിവരം ഉപഗ്രഹ ചിത്രത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഭൂവിനിയോഗ ബോർഡോ കേന്ദ്ര സംസ്ഥാന ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളോ തയ്യാറാക്കിയിട്ടുള്ളതോ തയ്യാറാക്കുന്നതോ ആയ ഭൂപടങ്ങളുടെ സഹായത്തോടെ ഡാറ്റാ ബാങ്ക് തയ്യാറാക്കുകയും, സർവ്വേ നമ്പരും വിസ്തൃതിയും രേഖപ്പെടുത്തിയിട്ടുള്ള ഡാറ്റാബാങ്ക് അതത് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ മുഖേന നിർണ്ണയിക്കപ്പെടുന്ന രീതിയിൽ വിജ്ഞാപനം ചെയ്യിച്ച ശേഷം അത് പൊതുജനങ്ങളുടെ അറിവിലേക്ക് ബന്ധപ്പെട്ട പഞ്ചായത്ത് /മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ ആഫീസിലും, വില്ലേജ് ഓഫീസിലും/ഓഫീസുകളിലും പ്രദർശിപ്പിക്കുകയും ചെയ്യുന്നതിനായി, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 5(4) (i)-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

മേൽ പ്രകാരമുള്ള ഡാറ്റാബാങ്ക് ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ സ്റ്റേറ്റ് ഐ .റ്റി സെൽ ക്ലൗഡ് സർവ്വീസ് ലിങ്ക് മുഖേന നിലവിലുള്ള ഡാറ്റാബാങ്ക് സ്വീകരിക്കുകയും അപ്രകാരം ലഭ്യമായ ഡാറ്റാ ബാങ്കുകൾ വാലിഡേറ്റ് ചെയ്യുന്നതിനായി കെ.എസ്.ആർ.ഇ.സി.-ക്ക് കൈമാറി നൽകിയിട്ടുള്ളതാണെന്നും ഡാറ്റാബാങ്ക് കുറ്റമറ്റ രീതിയിൽ പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച് റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 20.03.2025 ൽ ചേർന്ന യോഗത്തിൽ, ഐ.ടി. നോഡൽ ഓഫീസർ അറിയിച്ചിട്ടുള്ളതാണ്.

(13.05.2025-ലെ സമിതിയോഗം അംഗീകരിച്ചു.)

സ്വീകരിച്ച നടപടി

തദ്ദേശസ്വയഭരണ (ആർ.ഡി.) വകുപ്പ്

(03.09.2024 ലെ ആർ.ഡി.3/325/2018-ത.സ്വ.ഭ.വ. നമ്പർ കത്ത് മുഖേന ലഭ്യമായത്)

2008-ലെ കേരള നെൽ വയൽ തണ്ണീർത്തട ചട്ടങ്ങൾ 15.08.2018-ൽ ഭേദഗതി ചെയ്തതിൽ സമിതിയുടെ അധികാര പരിധിക്കുള്ളിലെ നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും പ്രസ്തുത കരട് ഡാറ്റാബാങ്ക് നാഷണൽ റിമോട്ട് സെൻസിംഗ് ഏജൻസിയോ, സംസ്ഥാന ഭൂവിനിയോഗ ബോർഡോ, ഭൗമശാസ്ത്ര പഠന കേന്ദ്രമോ (CESS), ഇൻഫർമേഷൻ കേരള മിഷനോ (IKM) മറ്റ് ഏതെങ്കിലും കേന്ദ്ര/സംസ്ഥാന ശാസ്ത്രസാങ്കേതിക സ്ഥാപനമോ, ഉപഗ്രഹ ചിത്രങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള ഭൂപടത്തിന്റെ സഹായത്തോടെ പരിശോധിച്ച് (ഏറ്റവും അവസാനം തയ്യാറാക്കിയ ഡാറ്റാബാങ്കായിരിക്കണം അവലംബിക്കേണ്ടത്) അന്തിമ രൂപം നൽകി സമിതി അംഗീകരിക്കുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്.

(13.05.2025 ലെ സമിതി യോഗം അംഗീകരിച്ചു.)

സ്വീകരിച്ച നടപടി

കൃഷി (എൻ.സി.എ.) വകുപ്പ്

(06.07.2024-ലെ NCA2/206/2023-AGRI നമ്പർ കത്ത് മുഖേന ലഭ്യമായത്.)

2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 5 ഉപവകുപ്പ് 4(i)-ൽ ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിന് സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിനുള്ള വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുണ്ട്. നിലവിൽ കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് & എൻവയോൺമെന്റ് സെന്ററിന്റെ (KSREC) സേവനം ഇതിനായി

ഉപയോഗപ്പെടുത്തി വരുന്നുണ്ട്.

ഖണ്ഡിക – 16

ശിപാർശ

കൃഷി, റവന്യൂ, തദ്ദേശസ്വയംഭരണ വകുപ്പുകളുടെ ഫീൽഡ് ജീവനക്കാരുൾപ്പെടെയുള്ളവർക്ക് ഡാറ്റാബാങ്ക് തയ്യാറാക്കുന്നതിനും അതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനുള്ള അവബോധമുണ്ടാക്കുന്നതരത്തിൽ പരിശീലന പരിപാടികൾ ആവിഷ്കരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

തദ്ദേശസ്വയംഭരണ(ആർ.ഡി)വകുപ്പ്

(17.01.2025-ലെ തസ്വഭവ-ആർ ഡി3/325/2018/തസ്വഭവ നമ്പർ കത്ത് മുഖേന ലഭ്യമായത്.)

ബഹു. സമിതിയുടെ റിപ്പോർട്ട് കാലയളവിൽ നിന്നും വ്യത്യസ്തമായി നിലവിൽ ഭൂരിഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഡാറ്റാബാങ്ക് തയ്യാറായിക്കഴിഞ്ഞു. ആദ്യകാലത്ത് ഏകോപനക്കുറവ്, പരിശീലനം ഇല്ലാത്ത അവസ്ഥ എന്നിവയുണ്ടായിരുന്നെങ്കിലും നിലവിൽ അപ്രകാരമുള്ള പ്രശ്നങ്ങൾ ഏറെക്കുറെ പരിഹരിക്കപ്പെട്ടിട്ടുണ്ട്. ഡാറ്റാബാങ്കിൽ നിന്ന് ഒഴിവാക്കുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത് കൃഷി വകുപ്പാണ്. അത്തരത്തിലുള്ള തെറ്റുതിരുത്തലാണ് ഇനി പ്രധാനമായും ബാക്കിയുള്ളതെന്ന വിവരം അറിയിക്കുന്നു.

(13.05.2025-ലെ സമിതി യോഗം അംഗീകരിച്ചു.)

സ്വീകരിച്ച നടപടി

കൃഷി വകുപ്പ്

(06.07.2024-ലെ NCA2/206/2023-AGRI നമ്പർ കത്ത് മുഖേന ലഭ്യമായത്..)

23.01.2017-ന് സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ ആഭിമുഖ്യത്തിൽ കൃഷി

ഉദ്യോഗസ്ഥർക്ക് പഞ്ചായത്തിലെ തണ്ണീർത്തട മാപ്പിംഗിന്റെ പരിശീലനം നടത്തുകയുണ്ടായി. അതാത് ജില്ലകളിൽ ഉദ്യോഗസ്ഥർക്ക് ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് പരിശീലനങ്ങൾ നൽകിയിട്ടുണ്ട്.

(13.05.2025-ലെ സമിതി യോഗം അംഗീകരിച്ചു.)

ഖണ്ഡിക – 17

ശിപാർശ

ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിലേയ്ക്ക് നിയോഗിക്കപ്പെടുന്ന ഫീൽഡ് ഉദ്യോഗസ്ഥരുടെ രേഖപ്പെടുത്തലുകൾ സംബന്ധിച്ച പ്രവർത്തനങ്ങൾ അവരവരുടെ വ്യക്തിപരമായ ഉത്തരവാദിത്വമാണെന്ന വ്യവസ്ഥകൂടി ഉൾപ്പെടുത്തണമെന്നും ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശനമായ വകുപ്പുതല നടപടി സ്വീകരിക്കുന്ന കാര്യം കൂടി പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

റവന്യൂ (പി) വകുപ്പ്

(06.02.2021-ലെ REV-P1/415/2018-REV നമ്പർ കത്ത് മുഖേന ലഭ്യമായത്.)

വില്ലേജ് ഓഫീസർ കൈമാറുന്ന നിലവിലെ റിക്കാർഡുകൾ പ്രകാരം , നെൽവയലായി രേഖപ്പെടുത്തിയ സ്ഥലങ്ങൾ, കൃഷി ഓഫീസർ സ്ഥല പരിശോധന നടത്തി നെൽകൃഷിക്ക് ഇപ്പോഴും അനുയോജ്യമാണോ എന്നു പരിശോധിച്ചും , തണ്ണീർത്തടങ്ങൾ വില്ലേജാഫീസർ തന്നെ നേരിട്ട് സ്ഥലപരിശോധന നടത്തിയുമാണ്, കരട് ഡാറ്റാബാങ്ക് തയ്യാറാക്കുന്നത്. ഇത് പ്രാദേശികതല നിരീക്ഷണ സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിച്ച ശേഷം, സമിതി പരിശോധിച്ചും, ആവശ്യമെങ്കിൽ യുക്തമായ തിരുത്തലുകൾ വരുത്തിയുമാണ് തദ്ദേശസ്വയംഭരണ സ്ഥാപനം മുഖേന പ്രസിദ്ധീകരിക്കുന്നത്. കൂട്ടുത്തരവാദിത്വമുള്ള ഈ നടപടിയിൽ പിഴവ് വരുന്നതിന്റെ പേരിൽ ഏതെങ്കിലും ഒരു ഉദ്യോഗസ്ഥനെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നത് പ്രായോഗികമായി കാണുന്നില്ല. ഡാറ്റാബാങ്കിൽ ഉൾപ്പെട്ടതായ ഒരു സ്ഥലം സംബന്ധിച്ച്

തുടർ നടപടികളിൽ മന:പൂർവ്വമായ പിഴവ്/ തെറ്റായ റിപ്പോർട്ട്/ തീരുമാനം ഉണ്ടായതായി തെളിഞ്ഞാൽ, വകുപ്പുതല അന്വേഷണം നടത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നിലവിൽ അച്ചടക്ക നടപടി സ്വീകരിച്ചു വരുന്നുണ്ടെന്ന വിവരം അറിയിക്കുന്നു.

(18.11.2021-ലെ സമിതിയോഗം പരിഗണിക്കുകയും അധിക വിവരം ആരായുകയും ചെയ്തു.)

<u>അധികവിവരം</u>

ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ഭൂമിയുടെ സമഗ്ര പരിശോധന നടത്തിയതിനുശേഷം ഭൂമി ഡാറ്റാ ബാങ്കിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടിയെടുത്താൽ മാത്രമേ ശിപാർശ നം. 17-ന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ട് അംഗീകരിക്കുവാൻ സാധിക്കുകയുള്ളൂവെന്ന വിവരം റവന്യൂ വകുപ്പിനെ അറിയിക്കുവാൻ സമിതി തീരുമാനിച്ചു.

<u>അധിക വിവരത്തിന്മേൽ സ്വീകരിച്ച നടപടി</u>

<u>റവന്യൂ (പി) വകുപ്പ്</u>

(09.05.2025-ലെ REV-P1/415/2018-REV നമ്പർ കത്ത് മുഖേന ലഭ്യമായത്.)

ഇപ്രകാരം, കെ. എസ്. ആർ. ഇ. സി.-ക്ക് കൈമാറിയ 500 ഡാറ്റാ ബാങ്കുകളിൽ 480 എണ്ണത്തിന്റെ വാലിഡേഷൻ പൂർത്തിയാക്കിയിട്ടുള്ളതാണെന്നും , വാലിഡേഷൻ പ്രക്രിയ വേഗത്തിലാക്കാൻ, കൂടുതൽ മനുഷ്യവിഭവശേഷിയും ഫണ്ടും ആവശ്യമാണെന്നും, യോഗത്തിൽ കെ. എസ്. ആർ. ഇ. സി. ഡയറക്ടർ അറിയിച്ചിരുന്നു. കെ. എസ്. ആർ. ഇ. സി. വാലിഡേറ്റ് ചെയ്തുനൽകിയ 350 ഡാറ്റബാങ്കുകൾ വിജ്ഞാപനം ചെയ്തിട്ടുള്ളതാണെന്നും പ്രസ്തുത യോഗത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് അറിയിച്ചിട്ടുള്ളതാണ്. ശേഷിക്കുന്ന 577 കൃഷിഭവനുകളുടെ ഡാറ്റാ ബാങ്ക് വാലിഡേറ്റ് ചെയ്യുന്നതിനായി, 40,000/- രൂപ നിരക്കിൽ, 230.80 ലക്ഷം രൂപ അഗ്രികൾച്ചർ

പ്രൊമോഷൻ ഫണ്ടിൽ നിന്നും അനുവദിച്ചു നൽകുന്നതിനായി കെ. എസ്. ആർ. ഇ. സി. ഡയറക്ടറുടെ പ്രൊപ്പോസൽ ലഭിച്ചിട്ടുള്ളതാണ്.

കെ. എസ്. ആർ. ഇ. സി. ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ, 01.02.2023-ലെ സ.ഉ.(സാധാ)നം.541/2023/RD പ്രകാരം കാർഷികാഭിവൃദ്ധി ഫണ്ട് കൈകാര്യം ചെയ്യുന്നതിനായി രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ പരിഗണനയിലാണ്.

(13.01.2025-ലെ സമിതി യോഗം അംഗീകരിച്ചു.)

ഖണ്ഡിക – 18

ശിപാർശ

റവന്യൂ രേഖകളിൽ നിലമെന്ന് രേഖപ്പെടുത്തിയ ഭൂഭാഗങ്ങൾ കരഭൂമിയായി രൂപാന്തരപ്പെടുത്തി അനേക വർഷങ്ങൾ കഴിഞ്ഞ് കെട്ടിടങ്ങളുൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ള സ്ഥലങ്ങൾ റവന്യൂ രേഖകളിൽ നിലമായിത്തന്നെ രേഖപ്പെടുത്തിയിരിക്കുന്നത് മൂലം നിർമ്മാണ പ്രവർത്തികൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ക്രമപ്പെടുത്തി നമ്പർ ലഭിക്കുന്നില്ല, വസ്തു ഈടിൻമേൽ ലോൺ ലഭിക്കുന്നില്ല തുടങ്ങിയ പരാതികൾ സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു . ഇതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ഭൂമിയുടെ തൽസ്ഥിതി പരിശോധിച്ച് ബി. റ്റി. ആർ. രേഖകളിൽ മാറ്റം വരുത്തുന്നതിനുള്ള നടപടിക്രമം സാദ്ധ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. അതുപോലെ, സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ രൂപാന്തരപ്പെടുത്തിയ ഭൂമി സംബന്ധിച്ച് റവന്യൂ രേഖകളിലും മാറ്റം വരുത്തുന്നതിനുള്ള നടപടിക്രമം ആവിഷ്കരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

റവന്യൂ (പി) വകുപ്പ്

(06.02.2021-ലെ REV-P 1/415/2018-REV നമ്പർ കത്ത് മുഖേന ലഭ്യമായത്)

റവന്യൂ രേഖകളിൽ നെൽവയലായോ തണ്ണീർത്തടമായോ ഉൾപ്പെടുത്തിയിട്ടുള്ളതും, എന്നാൽ ഡാറ്റാബാങ്കിൽ നെൽവയലായോ തണ്ണീർത്തടമായോ വിജ്ഞാപനം ചെയ്യപ്പെടാത്തതുമായ ഭൂമിയുടെ, റവന്യൂ രേഖകളിൽ തരം മാറ്റം വരുത്തുന്നതിനായുള്ള വ്യവസ്ഥകൾ, 2008 ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിലെ (2018-ലെ ഭേദഗതിയിലൂടെ)വകുപ്പ് 27 (എ) പ്രകാരം ഉൾക്കൊള്ളിച്ചിട്ടുള്ളതാണ്.

(18.11.2021-ലെ സമിതി യോഗം അംഗീകരിച്ചു)

<u>ഭാഗം – II</u>

<u>ഖണ്ഡിക – 16</u>

<u>ശിപാർശ</u>

കൃഷി, റവന്യൂ, തദ്ദേശസ്വയംഭരണ വകുപ്പുകളുടെ ഫീൽഡ് ജീവനക്കാരുൾപ്പെടെയുള്ളവർക്ക് ഡാറ്റാബാങ്ക് തയ്യാറാക്കുന്നതിനും അതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനുള്ള അവബോധമുണ്ടാക്കുന്നതരത്തിൽ പരിശീലന പരിപാടികൾ ആവിഷ്കരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

<u>റവന്യൂ (പി) വകുപ്പ്</u>

(06.02.2021-ലെ REV-P1/415/2018-REV നമ്പർ കത്ത് മുഖേന ലഭ്യമാക്കിയത്.)

നിലവിൽ റവന്യൂ ഉദ്യോഗസ്ഥർക്ക് IMG/ILDM എന്നീ സ്ഥാപനങ്ങൾ മുഖേന വിദഗ്ധ പരിശീലനം നൽകി വരുന്നുണ്ട്. കൃഷി, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകൾക്ക് കൂടി വിഷയ സംബന്ധമായി പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ

പ്രസ്തുത വകുപ്പുകളോട് ബഹു. സമിതിയ്ക്ക് നിർദേശം നല്കാവുന്നതാണ്.

(18.11.2021-ലെ യോഗം പരിഗണിക്കുകയും അധിക വിവരം ആരായുകയും ചെയ്തു)

സമിതി ആരാഞ്ഞ അധിക വിവരം

ഡേറ്റാ ബാങ്ക് തയ്യാറാക്കുന്നതിലേക്ക് ചുമതലപ്പെടുത്തിയിട്ടുള്ള കൃഷി , തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിലെ ഫീൽഡ് ജീവനക്കാരുൾപ്പെടെയുള്ളവർക്ക് ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിന് ആവശ്യമായ വിദഗ്ദ്ധ പരിശീലനം നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് പ്രസ്തുത വകുപ്പുകൾക്ക് നിർദേശം നൽകുവാൻ സമിതി തീരുമാനിച്ചു.

പ്രസ്തുത അധിക വിവരത്തിന്മേൽ **റവന്യൂ വകുപ്പ് നാളിതുവരെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.** ആയതിൽ കടുത്ത അതൃപ്തി രേഖപ്പെടുത്തിയ സമിതി മേൽ അധിക വിവരത്തിന്മേൽ അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു.

കെ. കെ. രമ,
ചെയർപേഴ്സൺ,
ഹർജികൾ സംബന്ധിച്ച സമിതി.

തിരുവനന്തപുരം,
.......-.........-2026